**ഭരണഭാഷ മാതൃഭാഷ.**

ഇ -മെയിൽ : 'dmekeral@gmail.Com
ഫാക്സ് : 0471-2443080

ഫോൺ (ഓഫീസ്):0471-2528575
2444270
ഡയറക്ടർ:2444011

## കേരള സർക്കാർ
## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

മെഡിക്കൽ കോളേജ്. പി.ഒ
തിരുവനന്തപുരം-695 011

---

**നമ്പർ.എച്ച്1/28615/2015/മെ.വി.കാ** **തീയതി: 02 .08.2022**

## അനുബന്ധം എച്ച് 4
## നോട്ടീസ്

കോന്നി സർക്കാർ മെഡിക്കൽ കോളേജിലെ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II ആയ ശ്രീമതി.അനിതാ മേരി.ഇ എന്ന താങ്കൾക്ക് എതിരായ കാരണം കാണിക്കൽ നോട്ടീസ് 19.02.2022 ലെ എച്ച്1/28615/2015/ഡിഎംഇ നമ്പർ കത്ത് പ്രകാരം താങ്കൾക്ക് രജിസ്റ്റേർഡ് ആയി അയച്ചിട്ടുണ്ടായിരുന്നു. സേവന നിരീക്ഷണ കാലയളവിൽ 02.10.2015 മുതൽ വിദേശത്ത് ജീവിതപങ്കാളിയുമൊത്ത് ജീവിക്കുവാൻ താങ്കൾക്ക് KSR Part II Appendix XIIC പ്രകാരം സർക്കാർ ഉത്തരവിന് വിധേയമായി അഞ്ചു വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചു. പ്രസ്തുത അവധിക്കാലയളവ് അവസാനിച്ച മുറയ്ക്ക് വീണ്ടുമൊരു അഞ്ചു വർഷത്തേയ്ക്ക് ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുവാൻ താങ്കൾ സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് താങ്കളെ എത്രയും വേഗം ജോലിയിൽ പ്രവേശിക്കുവാൻ നിർദ്ദേശം നൽകി. എന്നാൽ താങ്കൾ നാളിതു വരെ സേവനത്തിൽ തിരികെ പ്രവേശിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടില്ല, ആയതിനാൽ 02.10.2020 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന താങ്കളെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 19 (ii) പ്രകാരം സേവന നിരീക്ഷണം അവസാനിപ്പിച്ച് ജോലിയിൽ നിന്നും പിരിച്ചുവിടുന്നതിന് തീരുമാനിച്ചതായി അറിയിക്കുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് 30 ദിവസത്തിനകം സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെയായിട്ടും താങ്കൾ കാരണം ബോധിപ്പിക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ല, ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം താങ്കൾക്ക് എതിരായ കാരണം കാണിക്കൽ നോട്ടീസിന് തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ സേവന നിരീക്ഷണ കാലം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള അന്തിമ നടപടികൾ സ്വീകരിക്കുന്നതാണ്. താങ്കൾക്ക് എതിരായ കാരണം കാണിക്കൽ നോട്ടീസ്, അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓഫീസ് പ്രവർത്തന സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടോ ആയത് അയക്കേണ്ട വ്യക്തമായ മേൽവിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചോ കൈപ്പറ്റാവുന്നതാണ്.

ജോയിന്റ് ഡയറക്ടർ (ജി)

Dr. ANITA BALAN
PEN: 607303
Joint Director (General)
Directorate of Medical Education
Thiruvananthapuram, Kerala